MCC Library

C 81235

(Pages : 3)

Name.......................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, MARCH 2020

(CCSS)

Malayalam

## MAL 4C 13—സാഹിത്യ സിദ്ധാന്തം (ആധുനികം)

Time : Three Hours

Maximum : 80 Marks

I. ഒറ്റ വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക :

1 ക്ലാസ്സിസം എന്നതിന്റെ മൂലരൂപമായ ക്ലാസ്സിക്കസ് എന്ന പദത്തിന് ലാറ്റിൻ ഭാഷയിലെ അർത്ഥമെന്ത് ?

2 കവിത്വശക്തി നശിച്ചതുകൊണ്ടാണ് കോളറിഡ്ജ് നിരൂപണം തുടങ്ങിയതെന്ന് അഭിപ്രായപ്പെട്ടത് ആര് ?

3 അറിയപ്പെട്ടിടത്തോളം ആദ്യത്തെ ആത്മകഥയായ 'കൺഫെഷൻസ്' രചിച്ചതാര് ?

4 'സൗന്ദര്യത്തിന് അസാധാരണത്വവും അഭിലാഷങ്ങൾക്ക് വൈചിത്ര്യവും നൽകുന്നതാണ് റൊമാന്റിസിസം'—ആരുടെ നിർവചനമാണിത് ?

5 'Death of the Author' ആരുടെ കൃതിയാണ് ?

6 ലോകത്തെ ഭാഷ പ്രതിഫലിപ്പിക്കുകയല്ല, രൂപപ്പെടുത്തുകയാണ് എന്ന ആശയം ഏത് സാഹിത്യ സിദ്ധാന്തത്തിന്റെ അടിസ്ഥാന തത്ത്വമാണ് ?

7 മൗലികപ്രതിഭയുടെ മുഖമുദ്രകളായി കോളറിഡ്ജ് കരുതുന്നത് എന്തെല്ലാമാണ് ?

8 ടോൾസ്റ്റോയിയുടെ വിഖ്യാതമായ കലാപഠനഗ്രന്ഥം ഏത് ?

9 ആഖ്യാനശാസ്ത്രം (Narratology) എന്നാൽ എന്ത് ?

10 മിത്തുകളെ ഭാഷാശാസ്ത്രത്തിലെ സ്വനിമങ്ങളുടെ മാതൃകയിൽ മിത്തീമു (Mytheme)കളായി ശകലീകരിക്കാമെന്ന് സിദ്ധാന്തിച്ചത് ആര് ?

11 സാദൃശ്യാത്മക ചിഹ്നം (Iconic) എന്നാൽ എന്ത് ?

12 1960-കളുടെ അവസാനം ഉത്തരഘടനാവാദം ആരംഭിച്ചത് ഏത് രാജ്യത്താണ് ?

13 പാഠത്തിന് അപ്പുറമൊന്നുമില്ല (There is nothing outside text) എന്ന പ്രമാണവാക്യം ആരുടേതാണ് ?

14 ഒരാൾ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായിത്തീരുകയാണ് (One is not born, but rather becomes a woman)–ഇങ്ങനെ പറഞ്ഞതാര് ?

15 'A Room of One's own' എന്ന കൃതി ആരുടേതാണ് ?

16 പ്രപഞ്ചം മുഴുവൻ ചിഹ്നങ്ങളാൽ നിർമ്മിതമല്ലെങ്കിലും അത് നിറയെ ചിഹ്നങ്ങളാൽ വ്യാപിച്ചിരിക്കുന്നുവെന്നത് ആരുടെ അഭിപ്രായമാണ് ?

Turn over

MCC Library



17 പുരുഷന്റെ അബോധ മനസ്സിൽ കുടി കൊള്ളുന്ന സ്ത്രീസത്തയ്ക്ക് മനോവിജ്ഞാനീയത്തിൽ പറയുന്ന പേരെന്ത് ?

18 ആഖ്യാനം (Narration) എന്ന പദം കൊണ്ട് വിവക്ഷിക്കുന്നതെന്ത് ?

19 സൂചകം (Signifier) എന്നാൽ എന്ത് ?

20 സാംസ്കാരിക മേൽക്കോയ്മ (Cultural Hegemony) എന്ന സങ്കല്പം അവതരിപ്പിച്ചത് ആരാണ് ?

(20 × ½ = 10 marks)

II. രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

21 (a) ആദിപ്രരൂപങ്ങൾ (Archetypes) എന്നതു കൊണ്ട് സി.ജി. യുങ് അർത്ഥമാക്കുന്നതെന്ത് ?

**അല്ലെങ്കിൽ**

(b) റിയലിസവും നാച്വറലിസവും എങ്ങനെ വ്യത്യസ്തമാകുന്നു ?

22 (a) ഉത്തമകലയെപ്പറ്റിയുള്ള ടോൾസ്റ്റോയിയുടെ അഭിപ്രായം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(b) കല അന്തർജ്ഞാനമാണെന്ന് ബനഡിറ്റോ ക്രോച്ചേ പറയുന്നത് എന്തുകൊണ്ട് ?

23 (a) ഐ.എ. റിച്ചാർഡ്സിന്റെ സിനേസ്തിസിസ് സിദ്ധാന്തം എന്തെന്ന് വിശദമാക്കുക.

**അല്ലെങ്കിൽ**

(b) ഇദ് (Id), ഈഗോ (Ego), സൂപ്പർ ഈഗോ (Super Ego)—കുറിപ്പെഴുതുക.

24 (a) വ്യാഖ്യാനശാസ്ത്രം (Hermeneutics) എന്നാൽ എന്ത് ?

**അല്ലെങ്കിൽ**

(b) പാരിസ്ഥിതിക വിമർശനത്തിന്റെ സമകാലിക പ്രസക്തിയെക്കുറിച്ച് പ്രതിപാദിക്കുക.

25 (a) ലൂയി അൽത്തൂസർ മാർക്സിസത്തെ ഘടനാവാദവുമായി സമന്വയിപ്പിച്ചതെങ്ങനെ ?

**അല്ലെങ്കിൽ**

(b) ദെറീദയുടെ വചനകേന്ദ്രിതത്വം (Logo centrism) എന്ന സങ്കല്പനം വിശദീകരിക്കുക.

(5 × 4 = 20 marks)

III. നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

26 (a) ഇതിഹാസ (Epic)ങ്ങളെക്കുറിച്ചുള്ള പാശ്ചാത്യ-പൗരസ്ത്യ സങ്കല്പങ്ങൾ താരതമ്യം ചെയ്യുക.

**അല്ലെങ്കിൽ**

(b) ഒരു പ്രസ്ഥാനമെന്ന നിലയിലുള്ള റൊമാന്റിസിസത്തിന്റെ ഉല്പത്തി വികാസ പരിണാമചരിത്രം സംഗ്രഹിക്കുക.

MCC Library



27 (a) കാവ്യഭാഷയെക്കുറിച്ചുള്ള വേർഡ്സ്വർത്തിന്റെയും കോളരിഡ്ജിന്റെയും നിരീക്ഷണങ്ങൾ അപഗ്രഥിക്കുക.

**അല്ലെങ്കിൽ**

(b) കാല്പനിക വിമർശനത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ എന്തെല്ലാമാണ് ?

28 (a) കവിത വ്യക്തിപരതയിൽ നിന്നുള്ള മോചനമാണ് എന്ന ടി.എസ്. എലിയറ്റിന്റെ അഭിപ്രായം വിമർശനദൃഷ്ട്യാ വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) വിമർശനത്തിന്റെ പഞ്ചമാർഗ്ഗങ്ങൾ ഏവ ? വിശദമാക്കുക.

29 (a) ഫെമിനിസ്റ്റ് സാഹിത്യസിദ്ധാന്തം രൂപപ്പെടാൻ ഇടയാക്കിയ ചരിത്ര-സൈദ്ധാന്തിക പശ്ചാത്തലം അവലോകനം ചെയ്യുക.

**അല്ലെങ്കിൽ**

(b) അപനിർമ്മാണം ഒരു പാരായണ മാർഗ്ഗമാണ്—വിശദീകരിക്കുക.

30 (a) എഡ്വേർഡ് സെയ്ദ്, ഗായത്രി സ്പിവാക്ക് എന്നിവർ പോസ്റ്റ് കൊളോണിയൽ വിമർശനത്തിന് നൽകിയ സംഭാവനകൾ വിലയിരുത്തുക.

**അല്ലെങ്കിൽ**

(b) ചിഹ്നവിജ്ഞാനീയപരമായ അന്വേഷണങ്ങളിൽ തനതായ വഴി സ്വീകരിച്ച വിമർശകയാണ് ജൂലിയ ക്രിസ്റ്റേവ—സമർത്ഥിക്കുക.

(5 × 10 = 50 marks)